വംശനാശം നേരിടുന്ന കുട്ടനാടൻ മത്സ്യങ്ങൾ

*5 [273] *ശ്രീ. ജോർജ് ജെ. മാത്യു:*

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. സി. ജോസഫ്:

,, സി. പി. മുഹമ്മദ്:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എന്തെല്ലാം ഇനങ്ങളിൽപ്പെടുന്ന മത്സ്യങ്ങൾ വംശനാശം നേരിടുന്നുണ്ട്;

(ബി) ഇവയെ സംരക്ഷിക്കാനും ഇവയുടെ പ്രജനനം വർദ്ധിപ്പിച്ച് എണ്ണം കൂട്ടുവാനും എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നു;

(സി) കുട്ടനാടൻ മത്സ്യങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) വാകവരാൽ, മഞ്ഞക്കൂരി, അറിഞ്ഞിൽ, ആറ്റുവാള, മുഷി, വരാൽ, ആരകൻ, കുറുവ, തൊണ്ണിവാള, തുളി, കരിമീൻ എന്നീ മത്സ്യയിനങ്ങൾ വംശനാശം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വംശനാശം നേരിടുന്ന മത്സ്യങ്ങളെക്കുറിച്ച് വിശദമായ പഠനം ഫിർമ (സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി) നടത്തിവരുന്നു. ഈ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് വംശനാശം നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കാനും പ്രജനനം വർദ്ധിപ്പിക്കുവാനുമുള്ള പദ്ധതികൾ രൂപീകരിക്കും.

(സി) കോട്ടയം ജില്ലയിലെ പള്ളത്ത് പ്രവർത്തിച്ചുവരുന്ന മോഡൽ ഫിഷ് ഫാമിലൂടെ വാണിജ്യപ്രാധാന്യമുള്ള കരിമീൻ, വരാൽ എന്നീ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇവ സർക്കാർ നിരക്കിൽ മത്സ്യക്കർഷകർക്ക് വിതരണം നടത്തുന്നതിലൂടെ വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യക്കൃഷി വികസനം വിപുലമാക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നുണ്ട്. കൂടാതെ, അലങ്കാരമത്സ്യങ്ങളുടെ ഗണത്തിൽപ്പെടുന്നതും വംശനാശം നേരിടുന്നതുമായ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ 450 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly